(ബി) ഇത്തരം സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വൻതോതിൽ വിലക്കയറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൺസ്യൂമർ സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു ചെറിയ വിഭാഗം സംഘങ്ങൾ പ്രവർത്തിക്കാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. പ്രവർത്തനക്ഷമത കുറഞ്ഞ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ഓഹരി മൂലധനവും മാനേജീരിയൽ സബ്സിഡിയും വായ്പയും നൽകി വരുന്നു. സംസ്ഥാന പദ്ധതിയിലും എൻ. സി. ഡി. സി. പദ്ധതിയിലും ഉൾപ്പെടുത്തി ധനസഹായം നൽകുന്നുണ്ട്.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

ഹൗസിംഗ് സഹകരണ സംഘങ്ങൾ

145 [3035] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹൗസിംഗ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ എത്ര;

(സി) നഷ്ടത്തിലായവ ലാഭത്തിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ പേരു വിവരവും നഷ്ടവും എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 361 എണ്ണം.

(ബി) 160 എണ്ണം.

(സി) കുടിശ്ശിക പിരിച്ചെടുത്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയും നഷ്ടത്തിലായ സംഘങ്ങളെ ലാഭത്തിലാക്കാനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുന്നുണ്ട്, കൂടാതെ മ്യൂച്ചൽ ബനിഫിറ്റ് ഫണ്ട് മുതലായ നിക്ഷേപ പദ്ധതിയും സ്വർണ്ണപ്പണയ വായ്പ പദ്ധതിയും സഹകരണ സംഘം രജിസ്ട്രാറുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കി പ്രവർത്തനം മെച്ചപ്പെടുത്തി നഷ്ടം നികത്തുക. ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പ്രൈമറി ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സർക്കാർ ഓഹരി മൂലധനവും അനുവദിച്ച് നല്കുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

നിലവിലിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

146 [3036] ശ്രീ. ടി. വി. ചന്ദ്രമോഹൻ :
,, കെ. അച്ചുതൻ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിലവിലിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സ്വീകരിച്ച വായ്പക്കാർക്ക് എത്ര തുകയുടെ ലാഭമുണ്ടായി;

(ബി) ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഒരു നിശ്ചിത കാലത്തേക്ക് നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സ്വീകരിച്ച വായ്പക്കാർക്ക് 30-11-2004 വരെ പിഴപ്പലിശ ഇനത്തിൽ 70.00 ലക്ഷം രൂപയുടെയും പലിശ വ്യത്യാസം ഇനത്തിൽ 71.25 ലക്ഷം രൂപയുടെയും മറ്റിനത്തിൽ 1.84 ലക്ഷം രൂപയുടെയും (ആകെ 143.09 ലക്ഷം രൂപ) ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

മദ്ധ്യകാല വായ്പകളാക്കി മാറ്റിയ ഹ്രസ്വകാല വായ്പകൾ

147 [3037] ശ്രീ. എ. സുജനപാൽ :
പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഫലമായി 2004-ൽ സഹകരണ സംഘങ്ങൾ വഴിയുള്ള എത്ര ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റി;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly